മിസ്റ്റർ പി. ഗോവിന്ദമേനോൻ: എനയ്ക്കറിയാൻ പാടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹത്തെ ഈ അപകടത്തിൽനിന്നു രക്ഷിപ്പാൻ അദ്ദേഹത്തിന്റെ സ്വന്തക്കാരനായ ഒരു വകുപ്പദ്ധ്യക്ഷൻ ഇതിൽ ഇടപെട്ടിട്ടില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇരിങ്ങാലക്കുട ബാങ്കിൽ പണം നിക്ഷേപിച്ചിട്ടില്ല യെന്നു പറഞ്ഞു. മറെറവിടെയെങ്കിലും അദ്ദേഹം പണം നിക്ഷേപിച്ചിട്ടുള്ളതായി അറി യാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അദ്ദേഹത്തെപ്പററി സംശയം തോന്നിയപ്പോൾ അദ്ദേഹത്തെ ഇതിൽ ഇൻക്രിമിനേററ് ചെയ്യാൻ എന്റെ സ്വന്തനിലയിൽക്കൂടി പല സ്ഥകായ്ു അനേഷണങ്ങളും നടത്തി. പക്ഷേ അതുകൊണ്ടൊന്നും വലിയ ഗുണം കിട്ടി യില്ല.

A SPECIAL PANCHAYAT FOR KUZHUPPILLY VILLAGE—DETAILS REGARDING

262. ചൌധിരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു മാനപ്പെട്ട ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) കുഴുപ്പിള്ളി വില്ലേജിനു് ഒരു പ്രത്യേക പഞ്ചായത്തു വേണമെന്നുകാണിച്ചു സ്ഥ ലത്തെ നിവാസികൾ ഗവമ്മെണ്ടിലേക്കു ഹർജികളും മറവും അയച്ചിട്ടില്ലെ;

(ബി) ഉണ്ടെങ്കിൽ അതിനെക്കുറിച്ചു ഗവമ്മെണ്ടു് എന്തുചെയ്തു;

(സി) കുഴുപ്പിള്ളിക്കു് ഒരു പ്രത്യേക പഞ്ചായത്തു് അനുവദിപ്പാൻ എന്താണു വി രോധം?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഉവ്വു്.

(ബി) ടി ഹർജികൾ പഞ്ചായത്തു ശുപാർശ കമ്മിററിയുടെ ആലോചനക്കായി അയച്ചുകൊടുത്തു.

(സി) കുഴുപ്പിള്ളിക്കു് ഒരു പ്രത്യേക പഞ്ചായത്തിന്റെ ആവശ്യകതയെപ്പററി കമ്മി ററി ശുപാർശ ചെയ്തിട്ടില്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: കമ്മിററി ശുപാർശ ചെയ്തിട്ടില്ലെങ്കിലും അ തിനെപ്പററി ഒന്നുകൂടി അനേഷണം നടത്താൻ ദയവുണ്ടാകുമോ?

റാവു ബഹദൂർ ടി. കെ. നായർ: ഈവക സംഗതികളെപ്പററി അനേഷിക്കാനാണു് കമ്മിററിയെ വച്ചിട്ടുള്ളതു്. കമ്മിററിക്കു ഈവക ആക്ഷേപങ്ങൾ കേൾക്കാൻ സൌകര്യം കൊടുത്തിട്ടുണ്ടു്. ഇങ്ങിനെയുള്ള ആക്ഷേപങ്ങൾ വന്നിട്ടുള്ള സ്ഥലത്തുപോയി അനേഷി ച്ചിട്ടുണ്ടു്. കൊച്ചി രാജ്യത്തുള്ള എല്ലാ ദിക്കുകളിലും പോയി അനേഷണം നടത്തിയതി നുശേഷം ആകെ ഇതു പഞ്ചായത്തു വേണമെന്നു കമ്മിററി റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. ഇനി അതിന്മേൽ ഭേദഗതി വരുത്തുന്നതു് വളരെ ബുദ്ധിമുട്ടാണു്.

GRANT OF TIMBER TO EX-CHIEF JUSTICE MR. KRISHNASWAMY AYYANGAR

263. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ചീഫ് ജസ്റ്റീസു് മിസ്റ്റർ കൃഷ്ണസ്വാമി അയ്യങ്കാർക്കു ഗവർമ്മെണ്ടിൽനിന്നും സൌ ജന്യമായി നൽകപ്പെട്ട ൧൦൦ കണ്ടി തേക്കു് അദ്ദേഹം കൊച്ചിയിൽവെച്ചുതന്നെ വിറററാ യി ഗവർമ്മെണ്ടിന്റെ അറിവിൽ പെട്ടിട്ടുണ്ടോ;

(ബി) കണ്ടിക്കു് ൨൦൦ ക. വിലവെച്ചാണു് വിറററതെന്നു കേൾക്കുന്നതു യഥാർത്ഥ മാണോ;

(സി) ഒരു കണ്ടി തേക്കിനു മുംബാളവില എത്രയാണു്;

(ഡി) അതിനേക്കാൾ കൂടുതലായൊ കുറവായൊ ചീഫ് ജസ്റ്റീസു് വില്ലനം നട ത്തിയതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) സൌജന്യമായി തേക്കുംതടി കൊടുത്തിട്ടില്ല. ഗവമ്മെണ്ടിൽനിന്നു വിലക്കു കൊടുത്ത തടി അദ്ദേഹം വിറ്റതായി ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

(ബി) ഉത്തരം പറവാൻ സാധ്യമല്ല.

(സി) തടിയുടെ വലിപ്പവും ഗുണദോഷവുമനുസരിച്ച് ൭ ൫ ക. മുതൽ ൧൭ ൫ ക. വരെ.

(ഡി) എ-ക്കുള്ള ഉത്തരംകൊണ്ട് ഇതിനു് ഉത്തരം ആവശ്യമില്ല.

264. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) ചീഫ് ജസ്റ്റീസ് മിസ്റ്റർ കൃഷ്ണസ്വാമി അയ്യങ്കാക്കു ഗവമ്മെണ്ടിൽനിന്നും സൌജന്യമായി നൽകപ്പെട്ട ൧൦൦ കണ്ടി തേക്കിൻതടി അദ്ദേഹം വീടുപണിക്കുതന്നെയാണൊ ഉപയോഗിച്ചതെന്നു ഗവമ്മെണ്ടിന്നറിയാമോ;

(ബി) അദ്ദേഹം ആ തടികൾ ഇവിടെനിന്നും കയറ്റി കൊണ്ടുപോയിട്ടുണ്ടോ;

(സി) കയറ്റികൊണ്ടുപോകുവാൻ ഗവർമ്മെണ്ടു പർമിറ്റു കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) സൌജന്യമായി കൊടുത്തിട്ടില്ലാത്തതിനാൽ ഉത്തരം ആവശ്യമില്ല.

(ബി) എ-ക്കുള്ള ഉത്തരംകൊണ്ടു് ഇതിനു് ഉത്തരം ആവശ്യമില്ല.

(സി) എ-ക്കുള്ള ഉത്തരംകൊണ്ടു് ഇതിനു് ഉത്തരം ആവശ്യമില്ല.

മിസ്റ്റർ പി. എ. മുഹമ്മദു് അഹ്മ്മദ്: ൧൦൦ കണ്ടിതടി സൌജന്യമായി കൊടുത്തിട്ടില്ലായെന്നു പറഞ്ഞിട്ടുണ്ടു്. അതു് വിലകൊടുത്തു കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ൧൦൦ കണ്ടി കൊടുത്തിട്ടില്ല. ൫൬ കണ്ടി തേക്കും, ൫൫ കണ്ടി ഇരിമുള്ളുമാണു് കൊടുത്തിട്ടുള്ളതു്.

മിസ്റ്റർ കെ. ടി. അച്യുതൻ: അതിനു് എന്തുവിലവരും?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഒരു ക്യൂബിക്കു് അടിക്കു് ൧൬ മുതൽ ആറിൽചിലപ്പോൾ രൂപവരെ വരും.

മിസ്റ്റർ കെ. ഐ. വേലായുധൻ: അദ്ദേഹത്തിന്റെ വീട്ടാവശ്യത്തിലേക്കു തടി വേണമെന്നു പറഞ്ഞു ഗവമ്മെണ്ടിലേക്കു് അപേക്ഷ അയച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഉണ്ടാകണം.

മിസ്റ്റർ കെ. ഐ. വേലായുധൻ: കൊച്ചിൻ സ്റ്റോറിൽ വീടു പണിയിക്കാൻ ആണു് ഈ തടിയെന്നു് അപേക്ഷയിൽ പറഞ്ഞിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അങ്ങിനെ പറഞ്ഞിട്ടില്ലെന്നാണു് തോന്നുന്നതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ബ്രിട്ടീഷിൽ വീടു പണിയാൻ ആണെന്നു പറഞ്ഞു തടിയ്ക്കപേക്ഷിച്ചാൽ കൊടുക്കുമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ലായെന്നു പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇങ്ങിനെ അപേക്ഷിച്ചിട്ടു കൊടുത്ത മരംകൊണ്ടു കൊച്ചിൻ സ്റ്റോറിൽതന്നെ വീടു പണിഞ്ഞിട്ടുണ്ടോ എന്നു് അന്വേഷിക്കാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ലയെന്നു വരാം.

മിസ്റ്റർ കെ. ഐ. വേലായുധൻ: ആയ്ക്കെങ്കിലും അങ്ങിനെ കൊടുത്തിട്ടു് അങ്ങിനെ ചെയ്യാതിരുന്നതായി അറിയാമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: മുമ്പു് ഇതിനെപ്പറ്റി അന്വേഷിക്കാറില്ല. എന്നാൽ അടുത്ത കാലംമുതൽ ഇങ്ങിനെ കൊടുക്കുന്ന തടി ഇവിടെത്തന്നെ ഉപയോഗിക്കുന്നുണ്ടോ എന്നു് അന്വേഷണം നടത്തണമെന്നു നിർബ്ബന്ധിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. ടി. അച്യുതൻ: 'എത്ര കാലമായി ഇതു് അനുവദിച്ചുകൊടുത്തിട്ടു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കഴിഞ്ഞ വൃശ്ചികമാസത്തിൽ അനുവദിച്ചുകൊടുത്തു.

മിസ്റ്റർ കെ. ടി. അച്യുതൻ: ഇതു് ഇവിടെനിന്നും കൊണ്ടുപോയതെന്നാണു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതറിയാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly